(സി) കാപ്പിക്കൃഷിക്ക് കാപ്പിബോർഡിൽനിന്നും ദീർഘകാലവായ്പ മാത്രമേ കിട്ടാറുള്ളുവെന്നും അതുതന്നെ വയനാട്ടു താലൂക്കുകളിൽ കുറച്ചുപേർക്കു മാത്രമേ കിട്ടുന്നുള്ളുവെന്നും ഉള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ചെറുതോട്ടക്കാർക്ക് വളം വാങ്ങുവാനുള്ള ലോൺ അനുവദിക്കുവാൻ ദയവുണ്ടാകുമോ ?

(ഡി) വടക്കേ വയനാട്ടിൽ എത്ര ഏക്കർ കാപ്പിത്തോട്ടമുണ്ട്, എത്ര പേർക്ക് എത്ര സംഖ്യ കാപ്പിബോർഡ് ലോൺ നൽകിവരുന്നുവെന്നും ദയവായി പറയാമോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) അഞ്ചു് ഏക്കറിനു് താഴെ കൃഷി ചെയ്യുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ കാര്യം പുനഃപരിശോധിച്ചു് ഹ്രസ്വകാലവായ്പ കാപ്പികൃഷിക്കുകൂടി നൽകാൻ വേണ്ട നടപടികളും എടുത്തുവരുന്നുണ്ടു്.

(സി) ചെറുകിട കാപ്പിക്കൃഷിക്കാർക്ക് വളം വാങ്ങുവാനുള്ള ലോൺ അനുവദിക്കാൻതക്കവണ്ണം ലോൺരൂപം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലിരിക്കുകയാണു്.

(ഡി) 4,000 ഏക്കർ; കാപ്പിബോർഡ് നൽകുന്ന ലോണിന്റെ കണക്ക് ഗവണ്മെൻറിന്റെ പക്കൽ ഇല്ല.

ADJOURNMENT MOTION

Eviction of certain families from Government lands of the Munnar Town Area.

Mr. Speaker : Order, order. Shri M. M. Sundaram has given a notice under Rule 49 regarding the
9 a. m. eviction of 62 families in Munnar Town area acquired by Government for Town Planning. I call upon the Minister to state the facts.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): സർ, ഇതിലെ സ്റ്റേറ്റുമെൻറു് ആഫ് ഫാക്ട്സിൽത്തന്നെ, മൂന്നാർ പട്ടണത്തിൽ 1958-ൽ കണ്ണൻദേവൻ കമ്പനിക്കാരിൽ നിന്നും ഗവണ്മെൻറു കുറെ സ്ഥലം ടൗൺ പ്ലാനിംഗിന്റെ ആവശ്യത്തിലേയ്ക്കായി ആവശ്യപ്പെടുകയുണ്ടായി എന്നുള്ളതു വ്യക്തമാണു്. അങ്ങനെ അന്നു വാങ്ങിയ സ്ഥലം കുറേശ്ശെയായി പതിച്ചുകൊടുക്കണമെന്ന ജനങ്ങളുടെ ആവശ്യപ്പെട്ടിട്ടുള്ളതായും ഇതിൽ പറഞ്ഞിട്ടുണ്ടു്. അങ്ങനെ ആ സ്ഥലത്തിനായി അപേക്ഷിച്ചിട്ടുള്ളവർ ആ സ്ഥലം ഒന്നും അലോട്ടുചെയ്തുകൊടുക്കുന്നതിനു മുമ്പു ബലമായി അവിടെ പ്രവേശിച്ചു ചില വീടുകൾകെട്ടി താമസിക്കുന്നുണ്ടെന്നും, ഇതിൽ സമ്മതിച്ചിട്ടുണ്ടു്. ആ സ്ഥലത്തു അവർ അങ്ങനെ പ്രവേശിച്ചു വീടു വച്ചതു അനധികൃതമായ പ്രവേശനമാണെന്നും ഗവണ്മെൻറു് അവിടെ നടത്താനുദ്ദേശിച്ച ടൗൺപ്ലാനിംഗ് പദ്ധതി നടപ്പാക്കാൻ തടസ്സപ്പെടുത്തുന്നു എന്നുള്ളതും വളരെ വ്യക്തമായി ഇതുകൊണ്ടു കാണാം. 1962-ലും, 1963-ലും ഈ അനാവശ്യമായും അനധികൃതമായുമുള്ള പ്രവേശനക്കാർക്ക് അവിടെ നിന്നും ഒഴിഞ്ഞുപോകാൻ നോട്ടീസു കൊടുക്കുകയുണ്ടായിട്ടുണ്ടു്. എന്നാൽ ഈ നോട്ടീസു കിട്ടിയിട്ടും അവർ ഒഴിഞ്ഞുപോയിട്ടില്ല. കഴിഞ്ഞവർഷം അവരെ അവിടെ നിന്നും ഇറക്കുന്നതിനു നടപടി എടുക്കാൻ തുടങ്ങിയ അവസരത്തിൽ കുറേപ്പേരിൽ നിന്നും ഗവണ്മെൻറിനു് അപേക്ഷ കിട്ടുകയുണ്ടായി, അല്പംകൂടി സമയം അനുവദിച്ചാൽ അവിടെ നിന്നും ഒഴിഞ്ഞുകൊള്ളാമെന്നു്. എന്നിട്ടും അവർ അവിടെ നിന്നും ഒഴിഞ്ഞുപോകാതിരിക്കുകയാണു്. അതുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

ഗവണ്മെന്റ് അവരെ അവിടെ നിന്നും ഇറക്കുന്നതിന ആവശ്യമായ നടപടികളും എടുത്തുവരികയാണ്. ഇതാണ് യഥാർത്ഥമായിട്ടുള്ള സംഗതി. ഇതിൽ അസാധാരണമായി യാതൊന്നും ഇല്ല. ഇതൊരു അടിയന്തിര പ്രമേയത്തിന വിഷയമാക്കേണ്ട സംഗതിയുമല്ല. അതിനാൽ ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദം നിഷേധിക്കണം എന്നാണ് എനിക്ക ബഹുമാനപ്പെട്ട സ്പീക്കറോട് അപേക്ഷിക്കുവാനുള്ളത്.

Mr. Speaker: In view of the facts stated by the Minister, I withhold consent to the moving of the motion.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61.

Omission of "Arabic" Part I (b) in the Syllabus of the new Scheme for the proposed two year Pre-University Course.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, 1964 ജൂൺ മുതൽ ആരംഭിക്കുന്ന ദ്വിവത്സര പ്രീയൂണിവേഴ്സിറ്റി കോഴ്സിനുള്ള വിഷയങ്ങളും തീർച്ചപ്പെടുത്തിയതിൽ അതിന്റെ പുതിയ സ്കീം ആഫ് പാഠോണിൽ സിൻഡിക്കേറ്റു ചില വ്യതിയാനങ്ങളും വരുത്തീട്ടുണ്ട്. ഇന്നു നിലവിലുള്ള ഏകവൽസര പ്രീയൂണിവേഴ്സിറ്റി കോഴ്സിൽ പാർട്ട് ഒൺ ഇംഗ്ലീഷിനു പുറമേ സാൻസ്ക്രിറ്റ്, തമിഴ്, ഹിന്ദി, ഉർദു, കന്നട, ഫ്റഞ്ച് ഈ ലാംഗ്വേജുകളും കൂടി പഠിപ്പിക്കുന്നതിന അനുവദിച്ചിട്ടുള്ളതിന്റെ കൂട്ടത്തിൽ അറബിഭാഷകൂടിയുണ്ട്. ഇന്നു നമ്മുടെ സംസ്ഥാനത്തിൽ മിക്ക ഹൈസ്കൂളുകളിലും ഉദാഹരണത്തിനു നൂറിലധികം ഹൈസ്കൂളുകളിൽ അറബി ലാംഗ്വേജായി എടുത്തു പഠിച്ചു യൂണിവേഴ്സിറ്റി ക്ലാസ്സുകളിലേക്കു വരുന്ന കുട്ടികളും പ്രീയൂണിവേഴ്സിറ്റി ക്ലാസ്സിലും ഡിഗ്രികോഴ്സിനും അറബി ലാംഗ്വേജു എടുത്തു പഠിച്ചുവരുന്നുണ്ട്. എന്നാൽ പുതിയ സ്കീം അനുസരിച്ച ലാംഗ്വേജിന്റെ കൂട്ടത്തിൽ സാൻസ്ക്രിറ്റ്, തമിഴ്, ഹിന്ദി, ഉർദു കന്നട, ഫ്റഞ്ച് മുതലായ ഭാഷകളും മാത്രമാണ് പെടുത്തീട്ടുള്ളതു. ഫ്റഞ്ചുഭാഷകൂടി ഇപ്പോഴത്തെ പുതിയ സ്കീം അനുസരിച്ച നമ്മുടെ സംസ്ഥാനത്തെ ഭാഷകളുടെ കൂട്ടത്തിൽപ്പെടുത്തിയിട്ടും, അറബിഭാഷ നമ്മുടെ പ്രധാനമായ ഒരു പൗരസ്ത്യഭാഷയായിട്ടും അതിൽ പെടുത്താത്തതിന്റെ കാരണം മനസ്സിലാകുന്നില്ല. മാത്രമല്ല, അറബിഭാഷകൂടി ഉൾപ്പെടുത്താത്ത, അറബിഭാഷയില്ലാത്ത ഒരു പരിതഃസ്ഥിതി വന്നാൽ ഹൈസ്കൂൾ സ്റ്റേജിൽ ഈ അറബിഭാഷ എടുത്തു പഠിച്ചു വന്നിട്ടുള്ള കുട്ടികൾക്ക കാളേജു ലെവലിൽ ആ ഭാഷയ്ക്കു പകരം വേറെ ഭാഷ പഠിക്കാൻവേണ്ടി ശ്രമിക്കുകയാണെങ്കിൽ തീർച്ചയായും അവർക്ക് അതൊരു പുതിയ ഭാഷയായി അവർ പഠിക്കേണ്ടിവരുന്നതുകൊണ്ട് അവർക്ക പാസ്സ്മാർക്കുപോലും കിട്ടാൻ നിവൃത്തിയില്ലാതെവരും. മാത്രമല്ല, പാർട്ട് ടൂവിൽ ഇന്നു പെടുത്തീട്ടുള്ള ഏ ഗ്രൂപ്പിൽ നിന്നു ഏതെങ്കിലും മൂന്നു സബ്ജക്റ്റ്സ് എടുത്തു പഠിച്ചു ഈ ദ്വിവത്സര പ്രീയൂണിവേഴ്സിറ്റികോഴ്സു പാസ്സായ ഉടനെ പ്രൊഫഷണൽ കാളേജുകളിലേക്ക്, അതായതു്, എൻജിനീയറിംഗ്, മെഡിക്കൽ, അഗ്രിക്കൾച്ചർ, വെറ്ററിനറി സയൻസ് ഈ കാളേജുകളിലേക്ക പോകാൻ കഴിയും. അപ്പോൾ അറബിഭാഷ ലാംഗ്വേജായി എടുക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതി വരികയാണെന്നുണ്ടെങ്കിൽ അങ്ങനെ വരുന്ന കുട്ടികൾക്ക സ്വാഭാവികമായും അവർ പഠനം തുടർന്നുവരുന്നതായ ഭാഷ തീരെ ഉപേക്ഷിക്കേണ്ടതായിവരും. കേരളത്തിലാണെങ്കിൽ നൂറു ഹൈസ്കൂളുകളിലും ഏറെക്കുറെ 225 അപ്പർപ്രൈമറി സ്കൂളുകളിലും, ആയിരം ലോവർ പ്രൈമറി സ്കൂളുകളിലും ഗവണ്മെന്റ് അറബി

LIBRARY ARCHIVES Kerala Legislative Assembly